**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2980** **25-06-2024 - ൽ മറുപടിയ്ക്ക്**

**തവനൂർ മണ്ഡലത്തിലെ കടൽ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ തീര പ്രദേശമായ കൂട്ടായി, ആശാൻപടി തുടങ്ങിയ സ്ഥലങ്ങളിൽ കടൽ ഭിത്തി നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ കൂട്ടായി സുൽത്താൻ ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി Construction of seawall at Sulthan beach for a length of 200 m from CP 1585 towards North in Mangalam Grama Panchayath എന്ന പ്രവർത്തിയുടെ 169 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്.<br><br>ആശാൻപടിയിൽ CP 1595-ൽ നിന്ന് വടക്കോട്ട് 500 മീറ്റർ നീളത്തിലുള്ള ബീച്ചിൽ സാധാരണ സമയങ്ങളിൽ കരയിൽ നിന്ന് വളരെ അകലെയായിട്ടാണ് കടൽ സ്ഥിതി ചെയ്യുന്നത്. ന്യൂനമർദ്ദം, കാലവർഷം തുടങ്ങിയ സമയങ്ങളിലാണ് കടൽ കരയിലേക്ക് കയറാറുള്ളത്. സൈറ്റ് പരിശോധന വേളകളിൽ സമ്മിശ്ര പ്രതികരണമാണ് സമീപവാസികളിൽ നിന്ന് ലഭിക്കാറുള്ളത്. ഭൂരിഭാഗം പേർക്കും കടൽഭിത്തി നിർമ്മാണം ആവശ്യമില്ല എന്ന അഭിപ്രായമാണുള്ളത്. Coastal Field Studies വിഭാഗത്തിന്റെ സ്ഥല പരിശോധനയ്ക്ക് ശേഷം പ്രസ്തുത സൈറ്റിൽ കടൽഭിത്തി നിർമ്മാണത്തിന്റെ ആവശ്യകത ബോധ്യമാകുന്ന പക്ഷം Coastal Field Studies-ന്റെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ നിലവിൽ കടൽഭിത്തി തകർന്നതിനാൽ അറ്റകുറ്റ പണി നടത്തേണ്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | പ്രസ്തുത ഭാഗങ്ങളിൽ മിക്കയിടങ്ങളിലും കടൽഭിത്തിയില്ല. കൂട്ടായി ഭാഗത്തുള്ള CP 1583 മുതൽ CP 1585 വരെയുള്ള ഭാഗങ്ങളിൽ നിലവിലുള്ള കടൽഭിത്തി പുനർ നിർമ്മിക്കേണ്ട തരത്തിലുള്ള കേടുപാടുകളില്ല. |

സെക്ഷൻ ഓഫീസർ